# അദ്ധ്യായം - 31



*ബാബയുടെ സാന്നിദ്ധ്യത്തിൽ അന്ത്യശ്വാസം വലിക്കൽ 1) സന്ന്യാസി വിജയാനന്ദ്. 2) ബാലറാം മങ്കാർ. 3) നൂൽക്കാർ 4) മേഘ. 5) ഒരു പുലി.*

## മുഖവുര

ആസന്നമരണനായ ഒരാളുടെ അന്ത്യനിമിഷത്തെ ചിന്താഗതിയാണ് അയാളുടെ ഭാവിയെ കുറിക്കുന്നത്. ഭഗവാൻ ഗീതയിൽ 'യാതൊരുത്തൻ അന്ത്യനിമിഷങ്ങളിൽ എന്നെ സ്മരിക്കുന്നുവോ അവൻ നേരെ എന്നിലെത്തുന്നു. വേറെ ഏതിലാണ് അവൻ ശ്രദ്ധ പതിപ്പിക്കുന്നതെന്നാൽ അതിലേക്ക് അയാളുടെ ജീവൻ ചെന്നു ചേരുന്നു' എന്നാണ് പറഞ്ഞിരിക്കുന്നത്. നമ്മുടെ അന്ത്യനിമിഷത്തിൽ എന്ത് സദ്വിചാരമാണുണ്ടാവാൻ പോവുന്നത് എന്നതിനെപ്പറ്റി നമുക്ക് യാതൊരു രൂപവുമില്ല. കാരണം പലപ്പോഴും പല കാരണ ങ്ങളാലും അന്നേരം നാം ഭയപ്പെടാനും ഭീകരത അനുഭവിക്കാനുമാണ് സാദ്ധ്യത. അതുകൊണ്ട് അന്ത്യ നിമിഷത്തിൽ സദ് വിചാരങ്ങളിലേക്ക് മനസ്സിനെ നയിക്കാൻ ചിരകാല പരിശ്രമം

തന്നെ വേണ്ടിവരുന്നതാണ്. അതുകൊണ്ടാണ് എല്ലാ ഋഷിശ്വരന്മാരും, സദാസമയവും നാമം ജപിക്കാനാവശ്യ പ്പെടുന്നത്. അങ്ങിനെ വന്നാൽ അന്ത്യ നിമിഷത്തിൽ മനസ്സ് പതറിപ്പോകുന്നതല്ല. ഭക്തന്മാർ അങ്ങിനെ സർവ്വവും ഋഷീശ്വരന്മാരിൽ അർപ്പിച്ചാൽ അവസാനനിമിഷം വരെ ഋഷിശ്വരന്മാർ അവരെ നയിക്കുന്നതാണ്. ചില ഉദാഹരണങ്ങൾ താഴെ പറയാം.

## 1) വിജയാനന്ദ്

ഒരു മദ്രാസി സന്യാസിയായ വിജയാനന്ദ്. മാനസസരസ്സിലേക്ക് തീർത്ഥയാത്ര പുറപ്പെട്ടു. പോകുന്ന വഴിക്ക് ബാബയുടെ പ്രശസ്തി കേട്ട് അദ്ദേഹം ഷിർദ്ദിയിൽ വന്നു. അവിടെ വെച്ച് ഹരിദ്വാരിലെ സോമദേവ് സ്വാമിയെ കാണുകയും അദ്ദേഹത്തോട് മാനസസരസ്സിലേക്കുള്ള യാത്രയുടെ വിവിധ വശങ്ങൾ അന്വേഷിക്കുകയും ചെയ്തു. സ്വാമി അയാളോട് മാനസസരസ്സ് ഗംഗോത്രിയിൽ നിന്ന് 500 നാഴിക അകലെയാണെന്നും വഴി വളരെ വിഷമം പിടിച്ചതാണെന്നും മഞ്ഞുമൂടിയതാണെന്നും ഓരോ 150 നാഴിക പോയാലും ഭാഷ മാറുമെന്നും, ഭൂട്ടാനിലെ ജനങ്ങൾ വളരെ സംശയാലു ക്കളാണെന്നും അവർ തീർത്ഥാടകർക്ക് അത്യധികം വിഷമങ്ങൾ സൃഷ്ടിക്കുമെന്നും പറഞ്ഞുകൊടുത്തു. ഇതു കേട്ട് സന്യാസി നിരാശനായി യാത്ര വേണ്ടെന്നു വെച്ചു. എന്നിട്ട് അദ്ദേഹം ബാബയുടെ അടുക്കൽ പോയി നമസ്കരിച്ചപ്പോൾ ബാബ അദ്ദേഹത്തോട് കോപിച്ച് 'ഈ കൊള്ളരുതാത്ത സന്യാസിയെ ആട്ടിപ്പുറത്താക്കുവിൻ അയാളുടെ സംസർഗ്ഗംകൊണ്ട് പ്രയോജനമില്ല.' എന്നു പറഞ്ഞു. സന്യാസിക്ക് ബാബയുടെ സ്വഭാവം അറിയില്ല. അയാൾ മനസ്സമാധാനമില്ലാതെ ഇനി എന്താണ് നടക്കാൻ പോകുന്നതെന്നറിയാൻ അവിടെ തന്നെയിരുന്നു. അന്നേരം രാവിലത്തെ ദർബാർ നടക്കുക





യായിരുന്നതിനാൽ മസ്ജിദ് നിറയെ പുരുഷാരമായിരുന്നു. ബാബയെ പലവിധത്തിലും ആരാധിച്ചു കൊണ്ടിരിക്കയായിരുന്നു. ചിലർ പാദം കഴുകുന്നു. ചിലർ പാദതീർത്ഥം എടുത്ത് സേവിക്കുന്നു. ചിലർ പാദതീർത്ഥം കണ്ണിൽ വെക്കുന്നു. ചിലർ ബാബയെ ചന്ദനം പൂശുന്നു. ചിലർ സുഗന്ധദ്രവ്യങ്ങൾ പൂശുന്നു. അങ്ങിനെ പലവിധം ആരാധന നടക്കുകയാണ്. ജനങ്ങൾ ജാതിമതഭേദങ്ങൾ മറന്നാണ് ആരാധന നടത്തുന്നത്. സന്യാസിയോട് ബാബ കോപിച്ചെങ്കിലും സന്യാസിക്ക് ബാബയോട് അതിയായ ആദരവുണ്ടായിരുന്നതിനാൽ സന്യാസി അവിടുന്ന് പോയില്ല.

അദ്ദേഹം ഷിർദ്ദിയിൽ രണ്ടു ദിവസങ്ങൾ കൂടി താമസിച്ചപ്പോൾ മദിരാശിയിൽ നിന്നും അമ്മക്ക് അത്യധികം സുഖക്കേടാണെന്ന് ഒരു കത്തുകിട്ടി. അദ്ദേഹത്തിന് ഉടനെ അമ്മയുടെ അടുക്കലെത്തണമെന്നുണ്ടായിരുന്നെങ്കിലും ബാബയുടെ അനുവാദമില്ലാതെ പോകാൻ നിവൃത്തിയുണ്ടായിരുന്നില്ല. അങ്ങിനെ അദ്ദേഹം കത്തും കയ്യിൽ വെച്ച്, നാട്ടിലേക്കു പോകാൻ ബാബയുടെ അനുവാദം ചോദിക്കാൻ ചെന്നു. അദ്ദേഹത്തിന്റെ ഭാവി മനസ്സിലാക്കിയ സർവ്വാന്തര്യാമിയായ ബാബ 'അമ്മയെ നിനക്കിത്രമാത്രം സ്നേഹമാണെങ്കിൽ നീയെന്തിന് സന്യാസം സ്വീകരിച്ചു? കാവി വസ്ത്രത്തിന് സ്നേഹബന്ധം കൊള്ളില്ല. നീ താമസസ്ഥലത്തുപോയി കുറച്ചു ദിവസം സാമധാനമായിരിക്കണം. വാഡയിൽ പല കൊള്ളക്കാരുമുണ്ട്. അതുകൊണ്ട് സൂക്ഷിച്ച് വാതിൽ ബന്ധിച്ച് ഇരിക്കണം. അല്ലെങ്കിൽ എല്ലാം കൊള്ളയടിച്ചു പോവും. സമ്പത്തും സ്ഥാനമാനങ്ങളുമെല്ലാം ക്ഷണികമാണ്. ദേഹം നാശത്തിനും മരണത്തിനും വിധേയമാണ്. അതറിഞ്ഞ് ഇഹത്തിലെയും പരത്തിലെയും കാര്യങ്ങളിൽ ആസക്തയില്ലാതെ നീ നിന്റെ കർമ്മം നിർവ്വഹിച്ചാലും അങ്ങനെ

സർവ്വവും ഹരിപാദങ്ങളിൽ അർപ്പിച്ച് യാതൊരുവൻ ഇപ്രകാരം ചെയ്യുന്നുവോ അവൻ എല്ലാ കഷ്ടപ്പാടുകളിൽ നിന്നും മോചിതനായി പരമാനന്ദം പ്രാപിക്കും. തന്നോട് പ്രേമ ഭക്തികളോടുകൂടി ധ്യാനിക്കുന്നവനെ രക്ഷിക്കാൻ ഭഗവാൻ അവന്റെ അടുക്കലേക്ക് ഓടി എത്തുന്നു. നിന്റെ പൂർവ്വജന്മ സുകൃതങ്ങളുടെ ആധിക്യം കൊണ്ടാണ് നീഇവിടെ വന്നത്. ഇപ്പോൾ ഞാൻ പറഞ്ഞതനുസരിക്കുക. നിന്റെ ജീവിതത്തിന്റെ അന്ത്യം അടുത്തു എന്നു മനസ്സിലാക്കിയാലും. നീ നിരാഗ്രഹിയായി നാളെ മുതൽ ഭാഗവതപാരയണം തുടങ്ങണം. ഭഗവാൻ സന്തോഷിച്ച് നിന്റെ സങ്കടങ്ങൾക്കെല്ലാം നിവൃത്തിയുണ്ടാക്കും. നിന്റെ വ്യാമോഹങ്ങൾ നശിച്ച് മനശ്ശാന്തി കൈവരും' എന്നു പറഞ്ഞു. അദ്ദേഹത്തിന്റെ അന്ത്യകാലം അടുത്തതായി മനസ്സിലാക്കിയ ബാബ മൃത്യുദേവനെ പ്രീതിപ്പെടുത്താനായി 'രാമവിജയം' വായിക്കാനും പറഞ്ഞു. അടുത്ത ദിവസം പ്രഭാതത്തിൽ സ്നാനം ചെയ്ത് അദ്ദേഹം ലെണ്ടി തോട്ടത്തിലിരുന്ന് ഭാഗവതം വായന തുടങ്ങി. രണ്ടു സപ്താഹം അങ്ങിനെ കഴിഞ്ഞപ്പോഴേക്കും അദ്ദേഹം വളരെ ക്ഷീണിതനായി. അദ്ദേഹം വാഡയിലേക്കു മടങ്ങിവന്ന് രണ്ടുദിവസം കൂടി അവിടെ കൂടിയതിൽ പിന്നെ 3-ാം ദിവസം ഫക്കീർ ബാദേബാബയുടെ മടിയിൽ തലവെച്ച് കിടന്ന് അന്ത്യശ്വാസം വലിച്ചു. പിന്നീട് പോലീസ്സ് അന്വേഷണം കഴിച്ച് ശവം മറവുചെയ്യാൻ അനുവദിച്ചു. മൃതദേഹം എല്ലാ ചടങ്ങുകളോടും കൂടി വേണ്ടും വിധം സംസ്കരിച്ചു. ഇങ്ങനെ ബാബ സന്യാസിയെ സഹായിച്ച് സൽഗതി കൊടുത്തു.

**2)ബാലറാം മങ്കാർ**

ബാബക്ക് ബാലറാം മങ്കാർ എന്നു പേരായ ഗൃഹസ്ഥനായ ഒരു ഭക്തനുണ്ടായിരുന്നു. അയാളുടെ ഭാര്യ മരിച്ചതിൽ പിന്നെ വീട്ടുകാര്യങ്ങളെല്ലാം മകനെ ഏല്പിച്ച് അയാൾ ഷിർദ്ദിയിൽ

സ്ഥിരതാമസമാക്കി. അയാളുടെ ഭക്തികണ്ട് ബാബ അയാൾക്ക് സൽഗതികൊടുക്കണമെന്ന് തോന്നി ഇപ്രകാരം ചെയ്തു. ബാബ അയാൾക്ക് 12ക. കൊടുത്ത് സറ്റാറാ ജില്ലയിലെ മഹീന്ദ്രഗദയിൽ പോയി താമസിക്കാൻ പറഞ്ഞു. മങ്കാർക്ക് ബാബയെ പിരിഞ്ഞു താമസിക്കാൻ ആദ്യം മനസ്സുവന്നില്ല. പക്ഷെ ബാബ അയാളെ ഗദയിൽവെച്ച് ദിവസം മൂന്നു പ്രാവശ്യം ധ്യാനിക്കുന്നത് നല്ലതാണെന്ന് ബോദ്ധ്യപ്പെടുത്തി. ബാബയുടെ വാക്കുകളിൽ വിശ്വസിച്ച് മങ്കാർഗദയിലേക്കു പോയി. അവിടെ ആരോഗ്യകരമായ കാലാവസ്ഥയും നല്ല വെള്ളവും മറ്റു ചുറ്റുപാടുകളും അയാൾക്കിഷ്ടപ്പെടുകയും ബാബ പറഞ്ഞ പ്രകാരം അയാൾ അവിടെ വെച്ച് ധ്യാനം ചെയ്യാൻ തുടങ്ങുകയും ചെയ്തു. കുറച്ചുദിവസം കഴിഞ്ഞപ്പോൾ അയാൾക്ക് ഒരു അനുഭവമുണ്ടായി. സാധാരണഭക്തന്മാർക്ക് സമാധി സ്ഥരാവുമ്പോൾ അനുഭവങ്ങളുണ്ടാകാറുണ്ട്. എന്നാൽ മങ്കാറുടെ കാര്യത്തിൽ സാധാരണ നിലയിൽ ജാഗ്രത്തിൽ തന്നെയാണ് അനുഭൂതിയുണ്ടായത്. ബാബ അയാളുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. മങ്കാർ ബാബയെ കണ്ടെന്നു മാത്രമല്ല അയാളെ അങ്ങോട്ടയച്ചതെന്തിനാണെന്നു ബാബയോട് ചോദിച്ചു. ബാബ അതിന്നു ഇപ്രകാരം മറുപടിപറഞ്ഞു. 'ഷിർദ്ദിയിൽ വെച്ച് നിന്റെ മനസ്സിൽ പലതരം വിചാരങ്ങളും പരിപാടികളും ഉദയം ചെയ്തതു കാരണം നിനക്ക് മനശ്ശാന്തി കൈ വരുത്താനായാണ് ഞാൻ ഇങ്ങോട്ടയച്ചത്. നീ കരുതിയത് ഈ കാണുന്ന പഞ്ചഭൂത നിർമ്മിതമായ ഒരു ദേഹം മാത്രമാണ് ഞാനെന്നും ഷിർദ്ദിയിൽ മാത്രമുള്ള ഒരു വ്യക്തി യാണെന്നുമാണ്. ഞാൻ മറ്റെങ്ങുമില്ലെന്നും നീ ധരിച്ചിരുന്നു. ഇപ്പോൾ നീ നോക്കി തീരുമാനമെടുത്താലും! ഷിർദ്ദിയിൽ കാണുന്ന അതേ വ്യക്തിയെ തന്നെയാണോ ഇവിടെയും വെച്ചുകാണുന്നതെന്ന്. അത് മനസ്സിലാക്കി ത്തരാനാണ് നിന്നെ ഞാൻ ഇങ്ങോട്ടയച്ചത്' ബാബ പറഞ്ഞ അവധി കഴിഞ്ഞശേഷം മങ്കാർ ഗദയിൽനിന്നും സ്വന്തം

നാടായ ബന്ദ്രയിലേക്കുപോയി. അയാൾക്ക് പൂനെയിൽനിന്ന് ദാദറിലേക്ക് തീവണ്ടിമാർഗ്ഗം യാത്രചെയ്യണമെന്നായിരുന്നു ഉദ്ദേശം. പക്ഷെ ചെന്ന് ടിക്കറ്റു ബുക്കുചെയ്യാൻ നോക്കുമ്പോൾ വലിയ ജനത്തിരക്കായിരുന്നു. ടിക്കറ്റു കിട്ടാൻ യാതൊരു സാദ്ധ്യതയുമില്ലായിരുന്നു. അപ്പോൾ ഒരു ലങ്കോട്ടി മാത്രം ഉടുത്ത് ഒരു കമ്പിളിയും ചുമലിലിട്ടുകൊണ്ട് ഒരു ഗ്രാമീണൻ അയാളുടെ അടുത്തുവന്ന് 'നിങ്ങൾ എവിടേക്കാണ് പോകുന്നത്'? എന്നു ചോദിച്ചു. മങ്കാർ ദാദറിലേക്കാണെന്നു പറഞ്ഞു. അപ്പോൾ ഗ്രാമീണൻ 'എന്നാൽ എന്റെ ടിക്കറ്റ് എടുത്തോളൂ. എനിക്കിവിടെ കുറച്ച് അടിയന്തരകാര്യമുള്ളതുകൊണ്ട് ദാദർ യാത്ര റദ്ദാക്കിയിരിക്കുന്നു' എന്നു പറഞ്ഞ് മങ്കാർക്ക് ടിക്കറ്റ് കൊടുത്തു.അയാൾ വളരെ സന്തുഷ്ടനായി പണം പോക്കറ്റിൽ നിന്നെടുത്തുകൊടുക്കാൻ നോക്കുമ്പോഴേക്കും ഗ്രാമീണൻ അപ്രത്യക്ഷനായിക്കഴിഞ്ഞിരുന്നു. അയാൾ ഗ്രാമീണനെ അവിടെ മുഴുവൻ തിരഞ്ഞുനോക്കിയിട്ടും കണ്ടു കിട്ടിയില്ല. വണ്ടി പോകാൻ ആവുന്നവരെയും കാത്തു നിന്നിട്ടും ആളെ കണ്ടില്ല. ഇതു വളരെ വിചിത്രമായ തരത്തിൽ രണ്ടാം പ്രാവശ്യം മങ്കാർക്ക് കിട്ടിയ അനുഭവമായിരുന്നു. പിന്നീട് മങ്കാർ നാട്ടിൽപോയി ഷിർദ്ദിയിലേക്കുതന്നെ മടങ്ങിവന്ന് ബാക്കി കാലം മുഴുവൻ ബാബയുടെ കല്പനകളനുസരിച്ചും ബാബയെ സേവിച്ചും കഴിച്ചുകൂട്ടി. അവസാനകാലം ബാബയുടെ അനുഗ്രഹത്തോടുകൂടി ബാബയുടെ സാന്നിദ്ധ്യത്തിൽ അന്ത്യശാസം വലിക്കുവാനുള്ള മഹാഭാഗ്യവും അയാൾക്കുണ്ടായി.

## 3) താത്ത്യാസാഹെബ് നൂൽക്കാർ

ഹേമദ്പന്ത്, താത്ത്യാസാഹെബ് നൂൽക്കാർ ഷിർദ്ദിയിൽ വെച്ച് അന്ത്യശ്വാസം വലിച്ചു. എന്നല്ലാതെ മറ്റുവിവരങ്ങളൊന്നും പറയുന്നില്ല. സായി ലീലാ മാസികയിൽ വന്ന ഒരു ചുരുക്ക വിവരം ഇവിടെ പറയാം.

1909-ൽ താത്ത്യാസാഹെബ്, പന്ധർപൂരിലെ സബ്ബ് ജഡ്ജിയായിരുന്നു. അക്കാലത്ത് അവിടത്തെ മംഗലത്ത്ദാർ (സബ്ബ് കലക്ടർ) നാനാ സാഹേബ് ചന്ദോർക്കാറായിരുന്നു. ഇരുവരും ഇടക്കിടക്ക് കണ്ട് സംസാരിക്കാറുണ്ടായിരുന്നു. താത്ത്യാസാഹെബിന് ഋഷിമാരെ വിശ്വാസമായിരുന്നില്ലെങ്കിലും നാനാസാഹെബിന് ഋഷിമാരോട് അതിയായ സ്നേഹാദര മായിരുന്നു. നാനാസാഹെബ് പലപ്പോഴും നൂൽക്കാരോട് സായിബാബയുടെ ലീലകളെപ്പറ്റി പറയുകയും ബാബയെ ചെന്നുകാണാൻ പ്രേരിപ്പിക്കുകയും പതിവായിരുന്നു. അവസാനം രണ്ടു വ്യവസ്ഥകളിൽ അയാൾ ഷിർദ്ദിക്കുപോവാൻ സമ്മതിച്ചു 1) അയാൾക്ക് ബ്രാഹ്മണനായ ഒരു വെപ്പുകാരൻ വേണം 2) കാണിക്ക കൊടുക്കാൻ നല്ല നാഗപൂർ മധുരനാരങ്ങ കിട്ടണം. ഈ രണ്ടു വ്യവസ്ഥകളും ദൈവഗത്യാ സാധിച്ചു. നാനാസാഹെബിന്റെ അടുക്കൽ ജോലി അന്വേഷിച്ചു വന്ന ഒരു ബ്രാഹ്മണനെ അയാൾ നൂൽക്കാർക്കയച്ചുകൊടുത്തു. ഒരു അജ്ഞാതനമാവ് താത്ത്യാസാഹെബിന്ന് 100 നല്ല നാരങ്ങകൾ പാർസലായി അയച്ചുകൊടുത്തു. വ്യവസ്ഥകൾ പൂർത്തീ കരിച്ചപ്പോൾ താത്ത്യാസാഹെബിന് ഷിർദ്ദിയൽ പോകേണ്ടി വന്നു. അയാളെ കണ്ടപ്പോൾ ആദ്യം ബാബ വല്ലാതെ കോപിച്ചു. പക്ഷെ ക്രമേണ പലതരം അനുഭവങ്ങളുമുണ്ടായതിനാൽ താത്ത്യാസാഹെബിന് ബാബ, ദൈവാവതാരമാണെന്നു ബോദ്ധ്യപ്പെട്ടു. അങ്ങിനെ ബാബയിൽ അകൃഷ്ടനായി അയാൾ മരണം വരെ ഷിർദ്ദിയിൽ തന്നെ താമസിച്ചു. അവസാന നിമിഷങ്ങളിൽ പുണ്യഗ്രന്ഥങ്ങൾ അദ്ദേഹത്തെ വായിച്ചു കേൾപ്പിക്കയും ബാബയുടെ പാദതീർത്ഥം സേവിക്കാൻ കൊടുക്കുകയും ചെയ്തു. അയാളുടെ മരണവാർത്ത കേട്ട് ബാബ പറഞ്ഞു. 'ഓ താത്ത്യാ നമ്മുടെ മുന്നിൽ പോയി. അവൻ ഇനി വീണ്ടും ജനിക്കില്ല.'

## 4) മേഘ

മേഘയുടെ കഥ 28-ാം അദ്ധ്യായത്തിൽ പ്രതി പാദിച്ചിട്ടുണ്ട്. മേഘ മരിച്ചപ്പോൾ ഗ്രാമവാസികളെല്ലാവരും മരണ ഘോഷയാത്രയിൽ പങ്കെടുത്തു. ബാബയും അവരോട് കൂടെപോയി ശവശരീരത്തിൽ പൂക്കളർപ്പിച്ചു. ചടങ്ങുകളെല്ലാം കഴിഞ്ഞപ്പോൾ ബാബയുടെ കണ്ണുകളിൽ നിന്ന് കണ്ണീരൊഴുകി ക്കൊണ്ടിരുന്നു. ഒരു സാധാരണ മനുഷ്യനെപ്പോലെ ബാബയെ കദനഭാരത്തിൽ മുഴുകിക്കണ്ടു. പിന്നീട് ശവശരീരം പൂക്കളിട്ട് മൂടി ഒരു ഉറ്റ ബന്ധുവെപ്പോലെ കരഞ്ഞുകൊണ്ട് ബാബ, മസ്ജിദ്ദിലേക്കു മടങ്ങി. പല ഋഷിമാരും ജനങ്ങൾക്ക് സൽഗതി കൊടുക്കുന്നത് കണ്ടിട്ടുണ്ട്. പക്ഷെ ബാബയുടെ സമ്പ്രദായം അനിതര സാധാരണവും മഹത്വമേറിയതുമാണ്. ഒരു ക്രൂരമൃഗമായ പുലിപോലും ബാബയുടെ അടുക്കൽ സൽഗതിക്ക് വരികയുണ്ടായി. ഈ കഥ ഇനി അടുത്തുപറയാം.

## 5) പുലി

ബാബയുടെ മഹാസമാധിക്ക് ഏഴുദിവസങ്ങൾക്ക് മുമ്പ്, ഷിർദ്ദിയിൽ ഒരു വിസ്മയാവഹമായ സംഭവം നടന്നു. ഒരു കാളവണ്ടി വന്ന് മസ്ജിദ്ദിന് മുന്നിൽ നിന്നു. ഒരു പുലിയെ ചങ്ങലക്കിട്ട് കെട്ടിയതായിരുന്നു. വണ്ടിക്കുള്ളിൽ. അതിന്റെ ഭീകരമായ മുഖം വണ്ടിക്കു പിൻവശത്തേക്ക് തിരിച്ചായിരുന്നു അത് കിടന്നിരുന്നത്. അത് എന്തോ അസഹ്യമായ വേദന അനുഭവിക്കുന്നുണ്ടായിരുന്നു. അതിന്റെ സൂക്ഷിപ്പുകാരായ മൂന്നു ദേർവേഷി മുസ്ലിംകൾ അതിനെ പലസ്ഥലത്തും കൊണ്ടുനടന്ന് കാഴ്ചവസ്തുവായി പ്രദർശിപ്പിച്ച് പണം സമ്പാദിക്കുക യായിരുന്നു അവരുടെ ഉപജീവനമാർഗ്ഗം ഈ പുലിയായിരുന്നു. അതിന്റെ സുഖക്കേട് മാറ്റാൻ അവർപലതും പരീക്ഷിച്ചു നോക്കിയിട്ടും വിഫലമായി. അവർ ബാബയുടെ പ്രശസ്തി കേട്ടു മൃഗവുമായി അവിടെ എത്തിയതാണ്. അവർ അതിനെ

ചങ്ങലപിടിച്ച് വണ്ടിയിൽ നിന്നിറക്കി വാതിൽക്കൽ നിർത്തി സ്വതവെ ഭയങ്കര മൃഗം. പോരെങ്കിൽ സുഖക്കേടും. അതുകാരണം അത് അത്യധികം വെപ്രാളപ്പെട്ടുകൊണ്ടിരുന്നു. ജനങ്ങൾ അതിനെ ഭയത്തോടും അതിശയത്തോടും കൂടി നോക്കിക്കൊണ്ടിരുന്നു. സൂക്ഷിപ്പുകാർ അകത്തു പോയി, ബാബയോട് പുലിയുടെ വിവരങ്ങളെല്ലാം പറഞ്ഞ് അനുവാദം വാങ്ങി. പുലിയെ ബാബയുടെ മുന്നിൽകൊണ്ടുവന്നു. മസ്ജിദ്ദിന്റെ ഒതുക്കിന്റെ അടുത്ത് എത്തിയപ്പോൾ ബാബയുടെ പ്രഭ കണ്ടതോട് കൂടി ആ ജീവി പരിഭ്രമിച്ച് തലതാഴ്ത്തിനിന്നു. ബാബയും പുലിയും അന്യോന്യം കണ്ടതോടുകൂടി അത് ഒതുക്കിന്മേൽ കയറി ബാബയെ സ്നേഹഭാവത്തോടുകൂടി നോക്കി നിന്നു. അതുടനെ വാലിന്റെ കൊടി പൊക്കി നിലത്തു മൂന്നടിയടിച്ച് താഴോട്ട് ചത്തുവീണു. പുലി ചത്തുപോയതു കണ്ടപ്പോൾ സൂക്ഷിപ്പുകാർക്ക് ആദ്യം നിരാശ തോന്നിയെങ്കിലും പിന്നീട് അവർ ബുദ്ധിപൂർവ്വം അതിനെപ്പറ്റി ആലോചിച്ചു. ആ മൃഗം സുഖക്കേട് പിടിച്ച് അവശനായ സ്ഥിതിക്ക് ബാബയുടെ പാദങ്ങളിൽ വെച്ച് അന്ത്യശ്വാസം വലിച്ചത് വളരെ നന്നായി എന്നവർക്ക് ബോദ്ധ്യപ്പെട്ടു. അത് അവരുടെ കടക്കാരനായിരുന്നു. ആ കടം കൊടുത്തു വിട്ടിയതോടുകൂടി അതിന്ന് ബാബയുടെ പാദങ്ങളിൽ വെച്ച് ജീവിതം അവസാനിച്ചു. കിട്ടുവാൻ കഴിഞ്ഞതാണ്. ഏതു ജീവജാലമായാലും ഋഷിശ്വരന്മാരുടെ മുന്നിൽ കുമ്പിട്ട് ജീവിതം അവസാനിച്ചാൽ അവർക്ക് സൽഗതിയാണ്. മുജ്ജന്മ സുകൃതംകൊണ്ടല്ലാതെ അവർക്കങ്ങിനെ സന്തോഷകരമായ അവസാനം കൈവരുന്നതല്ല.

ശ്രീ സായിയെ നമിക്കുവിൻ–ലോകശാന്തി ഭവിക്കട്ടെ!